jaagrathayude
Keraleeyam
Rs. 25/-
2014 May

www.keraleeyammasika.com

# കേരളീയം ഡിജിറ്റൽ ആർക്കൈവ് യാഥാർത്ഥ്യമായി

16 വർഷം പിന്നിടുന്ന കേരളീയം മാസിക അതിന്റെ ജീവശ്വാസമായി നിലകൊണ്ട വായനക്കാർക്ക് മുന്നിൽ കേരളീയം ഡിജിറ്റൽ ആർക്കൈവ് എന്ന കേരളീയത്തിന്റ മുൻ ലക്കങ്ങളുടെ ചരിത്രശേഖരം സമർപ്പിച്ചിരിക്കുകയാണ്. 1998 നിന്നും 2014 ലേക്ക് കേരളീയം നടന്നുതീർത്ത 16 വർഷങ്ങൾ, വാർത്തകൾ, വിശകലനങ്ങൾ, നിലപാടുകൾ, നിരീക്ഷണങ്ങൾ...എല്ലാം കാലക്രമത്തിലും വിഷയാടിസ്ഥാനത്തിലും ക്രമീകരിച്ച്, www.keraleeyammasika.com എന്ന വെബ് പ്ലാറ്റ്ഫോം വഴി അനന്തവായനാ സമൂഹത്തിന് മുന്നിലേക്ക് തുറന്നിട്ടിരിക്കുന്നു. ഭൂഗോളത്തിന്റെ ഏത് കോണിൽനിന്നും ആർക്കും യഥേഷ്ടം ഉപയുക്തമാക്കാൻ കഴിയുന്ന ഈ ചരിത്രരേഖകൾ കേരളീയം മാസികയുടെ ഒരു ഭൂതകാല ഗ്രന്ഥപ്പുര മാത്രമല്ല. പരിസ്ഥിതി/വിഭവ സംരക്ഷണത്തിനും സാമൂഹികനീതിക്കും വേണ്ടി നടന്ന നിരവധി ജനകീയ സമരങ്ങളുടെയും ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനായി നടന്ന ജനകീയ ഇടപെടലുകളുടെയും വലുതുകളെ ചോദ്യം ചെയ്ത അനേകം ചെറുതുകളുടെയും കഴിഞ്ഞ 16 വർഷത്തെ പുരാവൃത്തം കൂടിയായി അത് മാറുന്നു. ഒപ്പം തൊണ്ണൂറുകൾക്ക് ശേഷമുള്ള കേരളത്തിലെ സാമൂഹിക പ്രവർത്തനത്തെ അടുത്തറിയാൻ കഴിയുംവിധം ഒരു സമഗ്രാനുഭവവും ഡിജിറ്റൽ ആർക്കൈവിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്ന ലക്കങ്ങൾ വായനക്കാർക്ക് പ്രദാനം ചെയ്യും. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ജനാധിപത്യവത്കരണത്തോടെയും നവമാധ്യമങ്ങളുടെ വികാസത്തോടെയും തുറന്നിടപ്പെട്ട സാമൂഹിക ഇടത്തെ സ്വാംശീകരിക്കാനുള്ള കേരളീയം മാസികയുടെ ശ്രമം കൂടിയാണ് ഈ ഓൺലൈൻ ഡിജിറ്റൽ ആർക്കൈവ്.

വേഗതയുടെയും തത്സമയ ഇടപെടലുകളുടെയും സാങ്കേതികവിദ്യയുടെയും തുടർച്ചയായ വികാസത്തിലൂടെ ഭീമാകാരമാംവിധം തങ്ങളുടെ ശൃംഖലകൾ ശക്തമാക്കിയ മുഖ്യധാരാ മാധ്യമങ്ങളെയും അവർ പ്രതിനിധാനം ചെയ്യുന്ന വിപണിയുടെയും കൗശലത്തിന്റെയും സംസ്കാരത്തെയും നിരന്തരം പ്രതിരോധിക്കാനും വിവേകപൂർണ്ണമായ ഇടപെടലുകൾ നടത്താനും നവമാധ്യമങ്ങൾക്ക് ഇന്ന് കഴിയുന്നുണ്ട്. ഇന്റർനെറ്റ് ശൃംഖലയുടെ സാധ്യതയെ ഉപയോഗപ്പെടുത്തി ഉള്ളടക്കത്തിലും പ്രസാധനത്തിലും വിതരണത്തിലുമെല്ലാം വിപ്ലവങ്ങൾ സൃഷ്ടിക്കാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞു. പല ഓൺലൈൻ മാഗസിനുകളും ബ്ലോഗുകളും ഫെയ്സ്ബുക്ക് പോലെയുള്ള സോഷ്യൽമീഡിയകളും ഇത്തരത്തിൽ ഏറെ മുന്നേറിയിട്ടുണ്ട്. അപവാദങ്ങൾ പലതുണ്ടെങ്കിലും നിരന്തരമായ ഇടപെടലുകളിലൂടെ ഇത്തരം നവമാധ്യമങ്ങൾ കുറച്ച് വർഷങ്ങൾക്കിടയിൽ രൂപപ്പെടുത്തിയ സംവാദമണ്ഡലം ആർക്കും നിഷേധിക്കാൻ കഴിയാത്തവിധം ശക്തമാണ്. മുഖ്യധാരയുടെ ഏകപക്ഷീയതകളെ ചോദ്യം ചെയ്യുന്ന, ജനാധിപത്യത്തിന്റെയും പാരിസ്ഥിതിക വിവേകത്തിന്റെയും സാമൂഹികനീതിയുടെയും നിലപാടുതറകളായി നിലനിൽക്കുന്ന അനേകം സമാന്തര അച്ചടി മാധ്യമങ്ങളുള്ള ഒരിടം കൂടിയാണ് കേരളം. സമാന്തര മാധ്യമപ്രവർത്തനത്തിന്റെ വിശാലമായ ഒരു ചരിത്രം കേരളത്തിനുണ്ട്. നവോത്ഥാന കാലം മുതൽ ധൈഷണിക-സാംസ്കാരിക മുന്നേറ്റങ്ങളുടെ എഴുപതുകളിലും എൺപതുകളിലും വരെ ഒട്ടേറെ സമാന്തര പ്രസിദ്ധീകരണങ്ങൾ പല പൊളിച്ചെഴുത്തുകളും കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ നടത്തിയിട്ടുണ്ട്. സാമ്പത്തിക പ്രയാസങ്ങൾക്ക് നടുവിലും വിട്ടുവീഴ്ചകളൊന്നും ചെയ്യാതെതന്നെ വിഭവപരിമിതികളെ മറികടക്കാനുള്ള സാമൂഹികമായ പിന്തുണ സമാന്തര പ്രസിദ്ധീകരണങ്ങൾക്ക് ഇവിടെ ലഭിച്ചിട്ടുണ്ട്. ഇന്നും, ചെറുതെങ്കിലും ശ്രദ്ധേയമായ ഇടപെടലുകൾ നടത്തുന്ന ഇത്തരം സമാന്തര പ്രസിദ്ധീകരണങ്ങൾ നവമാധ്യമങ്ങൾ തുറന്നിടുന്ന സാധ്യതകളെ സ്വാംശീകരിക്കേണ്ടത് എങ്ങനെയെന്ന ചോദ്യം വളരെ പ്രസക്തമായിരിക്കുന്നു.

നിരന്തരം ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ആ ചോദ്യത്തിന് കേരളീയം കണ്ടെത്താൻ ശ്രമിച്ച ഉത്തരമാണ് കേരളീയം ഡിജിറ്റൽ ആർക്കൈവ്. 2014 മെയ് 8-ാം തീയതി ഡിജിറ്റൽ ആർക്കൈവ് പ്രകാശനം ചെയ്യപ്പെട്ടു. 'സമാന്തര അച്ചടി മാധ്യമങ്ങൾ നവമാധ്യമങ്ങളെ സ്വാംശീകരിക്കേണ്ടത് എങ്ങനെ?' എന്ന സംവാദം സംഘടിപ്പിച്ചുകൊണ്ടാണ് കേരളീയം ഡിജിറ്റൽ ആർക്കൈവ് പ്രകാശനം ചെയ്തത്. കെ. രാജഗോപാൽ സംവാദം മോഡറേറ്റ് ചെയ്തു. കെ. വേണു, ഡി. ദാമോദർ പ്രസാദ്, കെ.എച്ച്. ഹുസൈൻ, ഡോ. പി. രഞ്ജിത്ത്, തുടങ്ങിയവർക്കൊപ്പം ഓൺലൈൻ മാധ്യമപ്രവർത്തകരും സമാന്തര മാധ്യമങ്ങളുടെ പ്രതിനിധികളും ചർച്ചയിൽ സംസാരിച്ചു. അന്നുമുതൽ ആർക്കൈവ് വെബിൽ ലഭ്യമാണ്. ക്രിയേറ്റീവ് കോമൺ ലൈസൻസ് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന ഡിജിറ്റൽ ആർക്കൈവിലെ ഉള്ളടക്കങ്ങൾ ആർക്കും ഡൗൺലോഡ് ചെയ്ത് അതേ രൂപത്തിൽ ഉപയോഗിക്കാവുന്നതാണ്. Non commercial no derivative എന്ന ലൈസൻസാണ് കേരളീയം ആർക്കൈവ് തെരഞ്ഞെടുത്തിരിക്കുന്നത്. അതായത് ലേഖനങ്ങൾ ആർക്കും അതേ രൂപത്തിൽ പങ്കുവയ്ക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുമ്പോൾ തന്നെ കച്ചവട താത്പര്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല എന്നും രൂപമാറ്റം നടത്തി ഉപയോഗിക്കാൻ പാടില്ലെന്നും വ്യവസ്ത ചെയ്തിരിക്കുന്നു.

സാമ്പത്തിക പ്രയാസങ്ങൾക്കിടയിൽ നിന്നുകൊണ്ട് കേരളീയം ശ്രമകരമായി യാഥാർത്ഥ്യമാക്കിയ ലക്കങ്ങളാണ് ഇപ്പോൾ സൗജന്യമായി ഡിജിറ്റൽ ആർക്കൈവിൽ ലഭ്യമാക്കിയിരിക്കുന്നത്. കേരളീയത്തിന്റെ താളുകളിൽ അവതരിപ്പിക്കപ്പെട്ട വിഷയങ്ങൾ അതിരുകളില്ലാതെ പങ്കുവയ്ക്കപ്പെടുന്നതിന്റെ രാഷ്ട്രീയ പ്രാധാന്യം ഞങ്ങൾ തിരിച്ചറിയുന്നു. എന്നാൽ കോപ്പി വിൽപ്പനയിലൂടെ ധനം സമാഹരിച്ച് പ്രവർത്തിച്ചിരുന്ന ഒരു മാധ്യമ സംരംഭത്തെ സംബന്ധിച്ച് ഏറെ നഷ്ടമുണ്ടാക്കുന്ന നീക്കമാണത്. അത് നികത്തുന്നതിനും അച്ചടി രൂപത്തിലുള്ള കേരളീയം ആരോഗ്യത്തോടെ നിലനിർത്തുന്നതിനും നിങ്ങളുടെ വിപുലമായ പിന്തുണകളുണ്ടാകുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ മുന്നോട്ട് പോവുകയാണ്. സംഭാവനകൾ 'Keraleeyam' Bank A/C No: 12800200006806, Federal Bank, STN Branch, Thrissur. (RTGS Code : FDRL0001280) എന്ന വിലാസത്തിൽ അയയ്ക്കുമല്ലോ. എം.ഒ/ഡി.ഡി/ചെക്ക് ആയും അയയ്ക്കാവുന്നതാണ്.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021.
Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com